കടലാക്രമണം തടയാൻ പ്രതിരോധ നടപടികൾ

*5 [507] ശ്രീ. കെ. എൻ. എ. ഖാദർ:
,, പി. കെ. അബ്ദുറബ്ബ്:
,, സി. മോയിൻകുട്ടി:
,, സി. മമ്മുട്ടി:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണംമൂലം ജീവനും സ്വത്തിനും നാശം സംഭവിക്കുന്നത് തടയാൻ കടൽഭിത്തി നിർമ്മാണത്തിന് പുറമേ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) കടലാക്രമണത്തിന്റെ സ്വഭാവവും കടലാക്രമണം അനുഭവപ്പെടുന്ന സ്ഥലത്തിന്റെ കിടപ്പും മറ്റും പരിശോധിച്ച് അനുയോജ്യമായ പ്രതിരോധ നടപടികൾ നടത്തുന്നതിന് തീരുമാനമെടുക്കുന്നത് ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) കടലാക്രമണം തടയുന്നതിനായി കടൽഭിത്തി നിർമ്മിക്കുന്നതിനു പുറമേ ചില പ്രദേശങ്ങളിൽ പുലിമുട്ട് നിർമ്മാണം നടത്തിയിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ മണൽച്ചാക്കുകൾ അടുക്കിയും കരിങ്കൽ അടുക്കിയും കടലാക്രമണം തടയാൻ ശ്രമിക്കാറുണ്ട്. കൂടാതെ കേന്ദ്ര ജലകമ്മീഷന്റെ ഉപവിഭാഗമായ ബീച്ച് എറോഷൻ ഡയറക്ടറേറ്റിന്റെ നിർദ്ദേശപ്രകാരം കോഴിക്കോട് ജില്ലയിൽ രണ്ട് സ്ഥലങ്ങളിൽ ബീച്ച് നറിഷ്മെന്റിനായി പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്

(ബി) ജലസേചനവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പീച്ചിയിലെ കെ.ഇ.ആർ.ഐ. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ കോസ്റ്റൽ എഞ്ചിനീയറിംഗ് ആന്റ് ഫീൽഡ് സ്റ്റഡീസ് വിഭാഗം തീരപ്രദേശങ്ങളിൽ കടലോരത്തിനെ സംബന്ധിച്ച് പഠനം നടത്തിയതിന് ശേഷമാണ് പുതിയ കടൽഭിത്തികളുടെ അലൈൻമെന്റ് തീരുമാനിക്കുന്നത്. കാലാകാലങ്ങളിൽ ഷോർലൈനുകൾക്കുണ്ടാകുന്ന വ്യതിയാനങ്ങൾ, തിരകളുടെ ഉയരവ്യത്യാസങ്ങൾ, വേലിയേറ്റം, വേലിയിറക്കം ഇവയിലെ വ്യതിയാനങ്ങൾ മുതലായവ പഠനവിധേയമാക്കാറുണ്ട്. കടൽഭിത്തിയുടെ രൂപ കൽപ്പന പൂനയിലെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ ആണ് നിർവ്വഹിക്കാറുള്ളത്. സംസ്ഥാന ഫ്ളഡ് കൺട്രോൾ ആന്റ് ടെക്നിക്കൽ അഡൈസറി കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായിട്ടാണ് പുതിയ കടൽഭിത്തി നിർമ്മാണം ഏറ്റെടുക്കുന്നത്. എസ്റ്റിമേറ്റ് തുകയുടെ അടിസ്ഥാനത്തിൽ ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥരോ സർക്കാരോ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്നു. തുടർന്ന് ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥരോ സർക്കാർ തലത്തിൽ ചീഫ് എഞ്ചിനീയർ മാരുടെ സമിതി മുഖേനയോ സാങ്കേതികാനുമതി നൽകുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly